# കേരള സർവകലാശാല

നം. പി.ആർ.044/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### 'ഭാഷയ്ക്കൊരുഡോളർ' പുരസ്കാരത്തിന് പ്രബന്ധങ്ങൾ ക്ഷണിച്ചു

സംസ്ഥാനത്തെ സർവകലാശാലകളിലെ മലയാളത്തിലെ ഏറ്റവും മികച്ച പി.എച്ച്.ഡി പ്രബന്ധത്തിന് കേരള സർവകലാശാല അമേരിക്കൻ മലയാളി സംഘടനകളുടെ ഫെഡറേഷനായ 'ഫൊക്കാന'യുമായി ചേർന്ന് നൽകുന്ന 'ഭാഷയ്ക്കൊരുഡോളർ' പുരസ്കാരത്തിന് എൻട്രികൾ ക്ഷണിച്ചു. 2014 ഡിസംബർ ഒന്ന് മുതൽ 2015 നവംബർ 30 വരെ കേരളത്തിലെ സർവകലാശാലകളിൽ നിന്നും മലയാളത്തിൽ പി.എച്ച്.ഡി ലഭിച്ചവർക്ക് പ്രബന്ധം അവാർഡിനായി സമർപ്പിക്കാം. അവസാന തീയതി മാർച്ച് 10. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും ഫോൺ : 0471-2386227, 2386385, 9447577612.

### ബി.പി.എ പ്രാക്ടിക്കൽ

കേരള സർവകലാശാല നവംബറിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് അഞ്ചാം സെമസ്റ്റർ ബി.പി.എ (ഡാൻസ്), ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എ (ഡാൻസ്), നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.പി.എ (വയലിൻ) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം മാർച്ച് ഒന്ന് മുതൽ മാർച്ച് മൂന്ന് വരെയും, മാർച്ച് ഏഴ് മുതൽ മാർച്ച് ഒമ്പത് വരെയും ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) News എന്ന ലഭിക്കും.

### സർട്ടിഫിക്കറ്റ് ഇൻ യോഗ & മെഡിറ്റേഷൻ

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ & മെഡിറ്റേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്രീഡിഗ്രി/ പ്ലസ്ടു ജയം. ഫീസ് 6000/- രൂപ. അപേക്ഷ ഫീസ് 100 രൂപ. ക്ലാസ്സുകൾ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ ഏഴ് (7) മണി മുതൽ ഒൻപത് (9) മണി വരെ. അവസാന തീയതി മാർച്ച് എട്ട് വൈകുന്നേരം മൂന്ന് മണി വരെ. ഫോൺ : 0471-2302523.

### പി.ജി.ഡി.കെ.എം : സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം ഫ്യൂച്ചേഴ്സ് സ്റ്റഡീസ് പഠനവകുപ്പ് നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ നോളജ് മാനേജ്മെന്റ് (പി.ജി.ഡി.കെ.എം - 2016-17) കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ ബന്ധപ്പെട്ട രേഖകളുമായി മാർച്ച് രണ്ട് രാവിലെ 11 മണിയ്ക്ക് കാര്യവട്ടം ഫ്യൂച്ചേഴ്സ് സ്റ്റഡീസ് പഠനവകുപ്പിൽ നേരിട്ട് ഹാജരാകണം. മറ്റ് വിശദവിവരങ്ങൾ വെബ്സെറ്റിൽ (www.keralauniversity.ac.in) News എന്ന ലഭിക്കും. ഫോൺ:0471-2305321, 9446403562.

## ബി.കോം പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ ആറിന് ആരംഭിക്കുന്ന അവസാന വർഷ ബി.കോം (ആന്വൽ സ്കീം) പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 13 (50 രൂപ പിഴയോടെ മാർച്ച് 16, 250 രൂപ പിഴയോടെ മാർച്ച് 20) വരെ അപേക്ഷിക്കാം. 2014 അഡ്മിഷൻ വിദ്യാർത്ഥികൾ മാർച്ച് ഏഴ് മുതൽ ഓൺലൈനായി മാത്രം www.de.keralauniversity.ac.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കണം. സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് പരീക്ഷാഫലം വന്നതിനു ശേഷം അപേക്ഷിക്കാവുന്നതാണ്.

## ബി.എസ്സി പ്രാക്ടിക്കൽ

കേരള സർവകലാശാല കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്സി ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് രണ്ട്, മൂന്ന് തീയതികളിൽ അതത് കേന്ദ്രങ്ങളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ മൂന്നിന് ആരംഭിക്കുന്ന അവസാന വർഷ ബി.എസ്സി (ആന്വൽ സ്കീം) മാത്തമാറ്റിക്സ് മെയിൻ പരീക്ഷയ്ക്ക് 2014 അഡ്മിഷൻ വിദ്യാർത്ഥികൾ ഓൺലൈനായും സപ്ലിമെന്ററി വിദ്യാർത്ഥികൾ ഓഫ്ലൈനായും പിഴകൂടാതെ മാർച്ച് 13 (50 രൂപ പിഴയോടെ മാർച്ച് 16, 250 രൂപ പിഴയോടെ മാർച്ച് 20) വരെ അപേക്ഷിക്കാം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ ഓരോ പരീക്ഷാകേന്ദ്രങ്ങൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളു.

## എൽ.എൽ.എം വൈവ പരീക്ഷ

കേരള സർവകലാശാല 2016-ലെ നാലാം സെമസ്റ്റർ എൽ.എൽ.എം വൈവ പരീക്ഷയ്ക്ക് സർവകലാശാല ആസ്ഥാനത്തുള്ള ഡീൻസ് റൂമിൽ മാർച്ച് ഏഴിന് കേരള ലോ അക്കാദമിയിലെ വിദ്യാർത്ഥികളും മാർച്ച് എട്ടിന് ഗവ. ലോ കോളേജിലെ വിദ്യാർത്ഥികളും രാവിലെ 10 മണിമുതൽ ഹാജരാകണം.

## ബി.ഡെസ് ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ രണ്ടും മൂന്നും സെമസ്റ്റർ ബാച്ചിലർ ഓഫ് ഡിസൈൻ (ബി.ഡെസ്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 20 വരെ അപേക്ഷിക്കാം.

തിരുവനന്തപുരം.
27.02.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ